# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 05/06/2024

1. ജൂൺ 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ചു കൃഷി വകുപ്പ് നടപ്പിലാക്കുന്ന വാർഡ് തല ഫലവൃക്ഷ തൈ നടീൽ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് (05.06.2024 ) രാവിലെ 9 മണിക്ക് ക്ലിഫ് ഹൗസിൽ ഫലവൃക്ഷ തൈ നട്ടുകൊണ്ട് നിർവഹിക്കുന്നു. കൃഷി വകുപ്പ് മന്ത്രി പി. പ്രസാദിന്റെ അധ്യക്ഷതയിൽ നടക്കുന്ന പരിസ്ഥിതിദിന പരിപാടിയിൽ വട്ടിയൂർക്കാവ് MLA വി.കെ. പ്രശാന്ത്, കൃഷി വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

2. വയനാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ കീഴിൽ ഹരിതകേരളം പദ്ധതിയുടെ ഭാഗമായി വൃക്ഷവത്കരണത്തിനായി വൃക്ഷത്തൈകൾ സൗജന്യമായി വിതരണം ചെയ്യും. വിവിധ ഇനത്തിൽപ്പെട്ട ചന്ദനം, നെല്ലി, ഉങ്ങ്, നീർമരുത്, മണിമരുത്, താന്നി തുടങ്ങിയ വൃക്ഷത്തൈകൾ ജൂൺ അഞ്ച് മുതൽ സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ എന്നിവക്കാണ് നൽകുക. ലോകപരിസ്ഥിതി ദിനമായ ജൂൺ അഞ്ച് മുതൽ വനമഹോത്സവം അവസാനിക്കുന്ന ജൂലായ് ഏഴ് വരെയാണ് വൃക്ഷവത്കരണം നടത്തുന്നത്. കൽപ്പറ്റ ചുഴലി ജില്ലാ സ്ഥിരം നഴ്സറിയിലാണ് വിതരണം ചെയ്യാൻ തൈകൾ തയ്യാറാക്കിയിട്ടുള്ളത്. വിശദവിവരങ്ങൾക്ക് കൽപ്പറ്റ സാമൂഹ്യ വനവത്കരണ വിഭാഗം റെയിഞ്ച് ഓഫീസുമായോ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ ഓഫീസുമായോ ബന്ധപ്പെടാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ- 04936 202623, 8547603848, 8547603847.

3. കേരള കാർഷിക സർവകലാശാലയുടെ 3 മാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സായ "Organic Interventions for Crop Sustainability" യുടെ രണ്ടാമത്തെ ബാച്ചിലേക്ക് ചേരാൻ പ്ലസ്ടു/ തത്തുല്യ യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ

ക്ഷണിക്കുന്നു. താല്പര്യമുള്ളവർക്ക് സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് മണ്ണുത്തി പി. ഒ, തൃശൂർ, കേരളം 680651 എന്ന വിലാസത്തിലോ 0487 2371104 എന്ന ഫോൺ നമ്പറിലോ cti@kau.in എന്ന ഇമെയിൽ വിലാസത്തിലോ, www.kau.in, www.cti.kau.in എന്ന വെബ്സൈറ്റോ സന്ദർശിക്കുക.

4. കോഴിക്കോട് ജില്ലയിലെ മരുതോങ്കര കൃഷി ഭവനിൽ ഒരു കോടി ഫലവൃക്ഷ തൈ വിതരണം 2024 -25 പദ്ധതിയുടെ ഭാഗമായി റെഡ് ലേഡി പപ്പായ തൈകൾ വിതരണത്തിനായി എത്തിയിട്ടുണ്ട്. 2024-25 വർഷത്തെ നികുതി രസീതുമായി കൃഷിഭവനിൽ വന്ന് കൈപറ്റാവുന്നതാണെന്ന് കൃഷി ഓഫീസർ അറിയിച്ചു.

5. വെള്ളായണി കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിൽ നിന്ന് തെങ്ങിൻ തൈ ഇനങ്ങൾ ആയ പശ്ചിമ തീര നെടിയൻ (വെസ്റ്റ് കോസ്ററ് ടാൾ), കോമാടൻ എന്നിവയുടെയും T X D സങ്കര ഇനങ്ങളായ കേരശങ്കര, കേരഗംഗ എന്നിവയുടെയും തൈകൾ വിപണനത്തിന് ലഭ്യമാണ്. എല്ലാ പ്രവർത്തിദിവസങ്ങളിലും രാവിലെ 9 മുതൽ വൈകിട്ട് 4 മണി വരെ തൈകൾ വാങ്ങാവുന്നതാണ്. കോമാടൻ 130 രൂപ, വെസ്റ്റ് കോസ്ററ് ടാൾ 120 രൂപ, സങ്കര ഇനങ്ങൾ 325 രൂപ എന്നിങ്ങനെയാണ് തൈകളുടെ വില. കൂടുതൽ വിവരങ്ങൾക്ക് 0471 2383572 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. കേരളത്തിലെ കർഷകർക്ക് മികച്ചയിനം നെൽവിത്തുകൾ ലഭ്യമാക്കുന്നതിൽ തടസമില്ലെന്ന് കൃഷിവകുപ്പ്. വരുന്ന ജൂൺ മാസത്തിൽ ആരംഭിക്കുന്ന വിരിപ്പ് സീസണിലേക്കായി മികച്ച ഗുണമേന്മയുള്ള നെൽവിത്തുകൾ കൃഷിഭവനിലൂടെ വിതരണം ചെയ്യുന്നതിനുള്ള എല്ലാ തയ്യാറെടുപ്പുകളും പൂർത്തിയായി. കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി, സ്റ്റേറ്റ് സീഡ് ഫാമുകൾ, കാർഷിക സർവകലാശാല, നാഷണൽ സീഡ് കോർപ്പറേഷൻ ഉൾപ്പെടെയുള്ള വിവിധ സംസ്ഥാന സ്ഥാപനങ്ങളും ഈ

വിതരണ പ്രക്രിയയിൽ സജീവമായി പങ്കുചേരുന്നു. ഉമ, ജ്യോതി, മട്ടത്രിവേണി, മനുരത്ന, കുഞ്ഞുകുഞ്ഞ് എന്നീ നെല്ലിനങ്ങളാണ് വിതരണത്തിനായി ഒരുക്കിയിരിക്കുന്നത്. സംസ്ഥാനത്തുടനീളം കർഷകർക്ക് ആവശ്യമുള്ള നെൽവിത്തുകൾ കൃഷിഭവനുകൾ മുഖേന എത്തിക്കാനുള്ള ക്രമീകരണങ്ങൾ കൃഷിവകുപ്പ് എടുത്തിട്ടുണ്ടെന്നും അധികാരികൾ അറിയിച്ചു.

7. കേരള കാർഷിക സർവകലാശാലയും, വെള്ളായണി അഗ്രികൾച്ചർ കോളേജും, റീജണൽ അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷനിൽ സതേൺ സോണും സംയുക്തമായി ജൂൺ 5 മുതൽ 7 വരെ സുഗന്ധവ്യഞ്ജനങ്ങളുടെ അന്താരാഷ്ട്ര സെമിനാർ (ഇന്റർനാഷണൽ സെമിനാർ ഓൺ സ്പൈസസ് കെ.എ.യു 2024 ) വെള്ളായണി കാർഷിക കോളേജിലെ ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് സംഘടിപ്പിക്കുന്നു.

**പരിശീലന പരിപാടി**

8. റബ്ബർതൈനടീലിനെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് 2024 ജൂൺ 05 (ബുധനാഴ്ച) രാവിലെ പത്തു മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ മറുപടി പറയും. താൽപര്യമുള്ളവർക്ക് 04812576622 കോൾ സെന്റർ നമ്പറിൽ വിളിക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം